സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നമ്പർ 3986/20/ലാന്റ്

ദേവസ്വം ബോർഡാഫീസ്
തിരുവനന്തപുരം, 14.10.2020

**ദേവസ്വം കമ്മീഷണർ**

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡ് ദേവഹരിതം പദ്ധതി സംബന്ധിച്ച്.

സൂചന:- 1.ആ ആഫീസിലെ 25/8/2020-ലെ ആർ.ഒ.സി 9170/20/ L, 23/9/2020-ലെ ആർ.ഒ.സി11640/20/L എന്നീ നമ്പർ റിപ്പോർട്ടുകൾ .

2. ദേവഹരിതം കോ-ഓർഡിനേറ്ററുടെ 29-9-2020-ലെ നമ്പർ 17/ദേവഹരിതം നമ്പർ റിപ്പോർട്ട്.

സൂചന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ദേവഹരിതം പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന സംഗതികൾ സംബന്ധിച്ച് ബോർഡ് ഉത്തരവായ വിവരം അറിയിക്കുന്നു.

1. ഹരിപ്പാട് ഗ്രൂപ്പിൽ കാട്ടുവള്ളി ശ്രീ ദുർഗ്ഗാദേവി ക്ഷേത്ര വസ്തുവിൽ ''പച്ചതുരുത്ത്''പദ്ധതി .പ്രകാരം ഡിപ്പാർട്ട്മെന്റ് ചട്ടങ്ങൾ പാലിച്ചുകൊണ്ട് വസ്തുവിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായും ദേവസ്വം ബോർഡിൽ നിലനിർത്തി ഔഷധസസ്യങ്ങൾ, വംശനാശം സംഭവിക്കുന്ന സസ്യങ്ങൾ, അപൂർവ്വയിനം മരങ്ങൾ ഇവ നട്ടുവളർത്തുന്നതിന് അനുമതി നൽകുന്നു.
2. കാർഷിക വിളകളുടെ പരിപാലനം സംബന്ധിച്ച് ഗ്രൂപ്പ് ജൂനിയർ സൂപ്രണ്ടുമാർ കൃഷി സ്ഥലം സന്ദർശിച്ച് വിലയിരുത്തി മാസന്തോറും റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.
3. കൃഷി ഇൻഷ്വർ ചെയ്യുന്നതു സംബന്ധിച്ച് കൂടുതൽ ചർച്ചകൾക്ക് ശേഷം തീരുമാനിക്കുന്നതാണ്.
4. കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി ദേവഹരിതം പദ്ധതിയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർക്ക് ലഭിക്കുന്ന അപേക്ഷകൾ ദേവഹരിതം കോ-ഓർഡിനേറ്റർ മുഖേന ബോർഡിലേയ്ക്ക് ഉത്തരവിനായി സമർപ്പിക്കുന്നതിന് അനുവദിച്ചും ബോർഡ് ഉത്തരവായ വിവരം അറിയിക്കുന്നു..

വിശ്വസ്തതയോടെ.
(ഒപ്പ്)

**സെക്രട്ടറി.**

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി

പകർപ്പ്:- 1. എല്ലാ ആഫീസ് മേധാവികൾക്കും
2. കോ-ഓർഡിനേറ്റർ ദേവഹരിതം
4. മിനിറ്റ്സ്കോപ്പി
5. സെക്ഷൻ ഫയൽ.
6. ഫെയർ ആഫീസ് കോപ്പി